മനയോല




# മനയോല

ഗവ. ഹൈസ്കൂൾ ഒറ്റപ്പാലം  ഈസ്റ്റ്

# ആശംസ

കാലം മാറുന്നതിനനുസരിച്ച് ലോകവും മാറുന്നു. പുതിയ നൂറ്റാണ്ടിൽ പുത്തൻ സാങ്കേതിക വിദ്യകൾ ഉദയംകൊള്ളുന്നു. കടലാസിന്റെസ്ഥാനം ഇന്ന് കമ്പ്യൂട്ടറുകൾ ഏറ്റെടുത്തിരിക്കുന്നു.

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ മാസിക'മനയോല'ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഒറ്റപ്പാലം                    എന്ന്
18/01/19                    പ്രധാന അദ്ധ്യാപകൻ

# ഉള്ളടക്കം

മഴ നനഞ്ഞൊരെൻ ബാല്യം............6

പ്രാചീന ജ്യാമിതി..............7

കരയിലേക്ക് ഇനി എത്ര ദൂരം......9

ആരോ ഒരാൾ...................................15

ഞാൻ കണ്ട യക്ഷി......18

ആദ്യ ബഹിരാകാശ സഞ്ചാരി......20

ഒരു സ്ഥിരം കാഴ്ച......22

ഉണ്ണി പൂവ്......23

കുഞ്ഞു മോന്റെ കുസൃതികൾ............29

ആധി..............30

വരികൾ.........33

യൂറിഗഗാറിൻ കണ്ട ബഹിരാകാശം............34

നന്ദി....................35

# എഡിറ്റോറിയൽ

സ്റ്റുഡന്റ് എഡിറ്റർ :ഹാസിം.എ.എച്ച്.

സ്റ്റാഫ് എഡിറ്റർ : പുഷ്പലത.കെ.

വരകൾ,വർണങ്ങൾ :മനീഷ് .കെ,
അൻഷാദ്.എ

സമിതി അംഗങ്ങൾ : അൻഷാദ്.എ.
ജൂബീന
നിഷാന പർവിൻ.എ.
ഫാത്തിമ ഫിദ.കെ.
അൻഷിയ.പി.വി.



സ്മാർട്ട് റൂം ഉദ്ഘാടനം



ജൈവ കൃഷി



മാഗസിൻ പ്രകാശനം



പരിസ്ഥിതി ദിനം

# മഴ നനഞ്ഞൊരെൻ ബാല്യം



ജീവിതം മൊട്ടിട്ടുയർന്നാർത്തു.
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും.
കാശിതുമ്പകൾ അല്ലോ നമ്മൾ...
മഴവരും നേരമോർത്തു വിളിച്ചത്
നനഞ്ഞൊരെൻ ബാല്യം
ഒക്കെ കണ്ടൊരു ചിരിയാർന്നു നിൽക്കുമത്.
തേൻമാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട് സൽക്കരിച്ചിരുന്നു.

ജൂബീന.കെ
IX A

# പ്രാചീന ജ്യാമിതി

ഗണിത ശാസ്ത്രത്തിന് പൗരാണിക ഭാരതം നൽകിയ സംഭാവനകൾ വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ ഗണിത ശാസ്ത്രം വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. അതിനുദാഹരണമാണ്



പ്രാചീന കാലത്തെ കലണ്ടർ. പണ്ടുകാലത്തെ പാശ്ചാത്ത്യ ശാസ്ത്രജ്ഞൻമാർ കണ്ടുപിടിച്ച പല കാര്യങ്ങളും പ്രാചീന ഭാരതീയർക്ക് അറിയുന്നതായിരുന്നു. പിൽകാലത്ത് അത് തെളിഞ്ഞിട്ടുമുണ്ട്. വേദ കാലത്ത് യജ്ഞകുണ്ഡങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ടതാണ് ജ്യാമിതി വികസിച്ചത്. പൈതഗോറസ് തിയറം, ആ പേരിലലെങ്കിലും അതിലെ ആശയം അവർ ഉൾക്കൊണ്ടിരുന്നു. എന്ന് സുൽബ ബൂത്രങ്ങളിൽ നിന്ന്

വ്യക്തമാണ്. അതുപോലെ "പൈ" യുടെ വിലയും അവർ ഏകദേശം നല്ല കൃത്യതയോടു കൂടി മനസ്സിലാക്കുന്നു. പ്രാചീന ഭാരതീയർ ഇത് മനസ്സിലാക്കിയിരുന്നത് ഒരു ജ്യാമിതീയ തെളിവിലൂടെയാണ്.

മുബഷിറ

X A

# കരയിലേക്ക് ഇനി എത്ര ദൂരം

അമേയ എച്ച് എസ് എ
ഇംഗ്ലീഷ്

അന്ന് പ്രളയമായിരുന്നു. കലിതുള്ളി പെയ്യുന്ന കെടുതിയിൽ അവൾ കര തേടി നീന്തി. പ്രിയമുള്ളതെല്ലാം മഴ വെള്ള പാച്ചിലിൽ ഒഴുകി അകന്നപ്പോഴും അവൾ കര തേടി നീന്തി കൊണ്ടിരുന്നു .തണുത്തു വിറയ്ക്കുന്ന അവളുടെ ശരീരത്തിൽ മഴ പാമ്പുകൾ ഇഴഞ്ഞൊഴുകി .തലയ്ക്കു മീതെ പ്രളയ ജലം. ചുഴികളിൽ കുപ്പുകുത്താതെ ഒഴുക്കിനെതിരെ ആയാസപ്പെട്ട് അവൾ നീന്തിക്കൊണ്ടിരുന്നു. ഇടക്കെപ്പോഴോ കണ്ടെത്തിയ ഒരു തുരുത്തിൽ അവൾ കയറിയിരുന്നു. തനിക്കു ചുറ്റും

ആർത്തലച്ച് ഒഴുകുന്ന ജലാധിയിൽ
പരിചിതങ്ങളും അപരിചിതങ്ങളുമായ
അനേകം ശരീരങ്ങളും വസ്തുക്കളും ഒളിച്ച്
പോകുന്നത് നിസ്സംഗതയോടെ അവൾ
നോക്കിയിരുന്നു .ഈ ഭൂമിയിൽ താനിനി
തനിച്ചാണെന്ന സത്യം ഒരു മിന്നൽ
പിണാറായി അവളിൽ തറച്ചു .അവൾ
പകച്ചില്ല. പതറിയില്ല. വാവിട്ടു പറഞ്ഞതുമില്ല
.ഉള്ളാകെ മൂടിയ ഒരു മരവിച്ച ശാന്തതയോടെ
അവളാ തുരുത്തിൽ വീണു മയങ്ങി .

ഉണരുമ്പോഴും പേമാരി ഒഴിഞ്ഞിരുന്നില്ല.
തുരുത്തിലേക്കു ഒരു കൊച്ചു മരം
വന്നടിഞ്ഞിരുന്നു. അതിന്ടെ ചില്ലകളൊന്നിൽ
ഒരു കൊച്ചു കിളിക്കൂടും . കൗതുകത്തോടെ
അവൾ ആ കൂടു കൈയിലെടുത്തു. അതിനകത്തു
ജീവൻ വിട്ടു പോയ ഒരു കുഞ്ഞു കിളി ശരീരം.

## മനയോല

ഒട്ടൊരു വ്യാകുലതയോടെ കൈയിലെടുക്കാൻ തുനിഞ്ഞപ്പോൾ ചൂട് ഇനിയും വിട്ടൊഴിഞ്ഞിട്ടില്ലാത്ത അതിന്ടെ ഉൾച്ചുവരുകൾക്കിടയിൽ പറ്റിച്ചേർന്ന രണ്ടു കുഞ്ഞുങ്ങൾ. പ്രളയം അവളുടെ കൺകളിൽ കര കവിഞ്ഞൊഴുകി. ചിറകു മുളച്ചിട്ടില്ലാത്ത ആ കിളിക്കുഞ്ഞുങ്ങളെ തന്ടെ മാറിലെ ചൂടിലേക്ക് ചേർത്ത് വച്ചപ്പോൾ ഉള്ളിലെവിടെയോ വാത്സല്യത്തിന്റെ ഒരു നീരുറവ അണപൊട്ടി ഒഴുകിയത് അവളറിഞ്ഞു പൊടുന്നനെ അവൾ വിഹ്വലയായി . ഈ തുരുത്തു ഒരു അഭയ കേന്ദ്രമല്ല. അകലെയെങ്ങോ കരയുണ്ട്. കാലുറപ്പിച്ചു നില്ക്കാൻ മരണം വരെ ജീവിക്കാൻ, പാറക്കമുറ്റം വരെ ഈ പൈതങ്ങളെ പോറ്റാൻ . പിന്നീട് തെളിഞ്ഞ നീലാകാശത്തിന്റെ

അനന്തതയിലേക്ക്  അവരെ പരാതി വിടാൻ , ഒരു കര അനിവാര്യമാണ് . അവിടെ തനിക്കു എത്തിയെ പറ്റൂ .  പ്രളയ ജലത്തിലേക്കു അവൾ മുങ്ങാംകുഴിയിട്ടു . ഇപ്പോൾ അവളിലെ മരവിപ്പ് മാറിയിരുന്നു. ശരീരത്തിലേറ്റ മുറിവുകൾ അവളെ വേദനിപ്പിച്ചില്ല. നൊമ്പരങ്ങളെ ഊർജ്ജമാക്കി മാറ്റാൻ ഇപ്പോൾ അവൾക്കു അറിയാം . ആ ഉഊർജ്ജത്തിൽ കരയിലേക്കുള്ള ദൂരം അവൾ തുഴഞ്ഞു മുന്നേറി . പ്രത്യാശയുടെ രണ്ടു കുഞ്ഞു കണങ്ങൾ അവളുടെ ചൂടിൽ മയങ്ങി കിടന്നു.ഏറെ ദൂരെയല്ലാതെ മറ്റൊരു തുരുത്തിൽ പ്രളയ ജലത്തിൽ ആദ്യമായി ജീവനുള്ള ഒരു മനുഷ്യനെ അവൾ കണ്ടു . എന്നാൽ അവൾ നീണ്ടിയെത്തും മുൻപേ അയാൾ പ്രളയത്തിലേക്കു എടുത്തു ചാടി നീണ്ടി

തുടങ്ങിയിരുന്നു . അവൾ ആഞ്ഞു നീണ്ടി അയാൾക്കൊപ്പമെത്താൻ ശ്രമിച്ചു. ഏറെ ദൂരം പിന്നിട്ടതിനു ശേഷം തനിക്കു പിറകെ എന്തെന്നറിയാൻ അയാൾ തിരിഞ്ഞു നോക്കി. അവൾ അടുത്തെത്തി കഴിഞ്ഞിരുന്നു.

"കരയിലേക്ക് ഇനി എത്ര ദൂരമുണ്ട്" ? അവൾ ചോദിച്ചു.

"അറിയില്ല. ഞാൻ തേടുകയാണ്. ...... അരികിലെവിടെയോ കരയുണ്ട്. ഇനി അധികം ദൂരമില്ല." അയാൾ പറഞ്ഞു.

"കരയിലേക്ക് ഞാനുമുണ്ട്"

"നിങ്ങൾ എനിക്ക് മുൻപേ നടന്നു വഴി കാണിക്കു ... ഞാൻ അനുഗമിക്കാം...."

അയാൾ നിഷേധാര്ഥത്തില് തലയാട്ടി.

## മനയോല

"എനിക്ക് പിറകെ നീന്തരുത് , ഞാനയിക്കില്ല.

എനിക്ക് മുൻപേ നീന്തരുത്, ഞാൻ പിന്തുടരില്ല

എനിക്കൊപ്പം നീന്തുക,കരയിലേക്കുള്ള ദൂരം


നമുക്ക് ഒരുമിച്ച താണ്ടാം..."

അവൾക്കു സമ്മതമായിരുന്നു. പറക്കമുറ്റാത്ത

കിളിക്കുഞ്ഞുങ്ങളെ നെഞ്ചോടടക്കി

അകലെയല്ലാതെകരയിലേക്ക്അയാൾക്കൊപ്പം

അവൾ ആഞ്ഞു നീന്തി .



# ആരോ ഒരാൾ

ആകാശ വീഥികൾ തോറും പാറിപറകുന്ന
ചിന്തകളേ,
നിനക്കുവിശ്രുമികാൻ ഒര്രു തണൽ തേടി
നടപ്പൂ ഞാൻ
അതാ,അങ്ങകലെ വർണ ചിറകുകളാല്
ശലകങ്ങളേന്തി നിലൽപ്പുണ്ട്
ആരും കാണാത്ത ആരും
കൊതിക്കുന്ന ഒന്ന്
പക്ഷെ, അതാര്?
കൈ എത്താത്തിടം എന്നാൽ
കൈ അകലെ.
തപ്പിതട്ടി എൻ കൈകൾ
നക്ഷത്ര മാലകളാൽ മഞ്ഞുതുള്ളിയാൽ
മേഘ തുവലുകളാൽ അണിയിച്ച കഴിഞ്ഞു

## മനയോല

ആരോ, എന്നാൽ
അതിലുമുണ്ട് എന്റെ കൈ ഒപ്പം
ഞാനറിയാതെ അണിയിച്ചൊരുക്കിയ കൂടാരം
അതിലെ ഓരോ മുത്തും എന്റേത്
ഒരു പക്ഷേ, അത് വീഥികൾ തോറും
പറക്കുന്ന പൂമ്പാറ്റകൾ
ആരാരുമറിയാത്ത എങ്ങോ
എത്തിയിട്ടും ഒരു മോഹജാലകം
അതിന്റെ ശിൽപി ഈ ഉള്ളവൻ.
ആരോ തട്ടിവിളിച്ചെൻ പിറവിയെ
പൊടിത്തട്ടി വാർത്തെടുത്തു ഒരു ലോക
കണികളെ നൂൽ നൽകാൻ

ഹരിണി

X A




## മനീഷ്





# ഞാൻ കണ്ട യക്ഷി



## (ആസ്വാദനക്കുറിപ്പ്)

മലയാറ്റൂർ രാമകൃഷ്ണൻ എന്ന മികച്ച എഴുത്തുക്കാരന്റെ തൂലികയിൽ നിന്ന് പൊഴിഞ്ഞുവീണ മുത്തു മണികളാണ് യക്ഷി എന്ന നോവലിൽ കാണാൻ കഴിയുന്നത്. മനുഷ്യമനസ്സിനെ കീറി മുറിച്ച് പരിശോധിച്ച അദ്ദേഹത്തിന്റെ അതുല്യ കൃതിയാണ് യക്ഷി മനുഷ്യന്റെ ജീവിതം വെറും തൊലിപ്പുറത്ത് ആണ് എന്ന് കരുതുന്നവർക്ക് ഒരു തിരിച്ചടി കൂടിയാണ് ഈ നോവൽ.

ശ്രീനി എന്ന രസതന്ത്ര അദ്ധ്യാപകന്റെ നൊമ്പര. കഥയാണ് ഈ നോവലിൽ. ആത്മാവിനെ സ്നേഹിക്കുന്ന കണ്ണിനെ ഈ നെണിയിപ്പിക്കുന്ന കഥാപാത്രമാണ് ശ്രീനി .

## മനയോല

ജീവിതത്തിന്റെ യഥാർത്ഥ മുഖത്തെ നമ്മുടെ മുന്നിൽ കാണിച്ചു തരാൻ മലയാറ്റൂർ രാമ കൃഷ്ണന്റെ ഈ നോവലിലൂടെ സാധിച്ചിട്ടുണ്ട് . മനുഷ്യന് മാത്രമല്ല ആത്മാർത്ഥ പ്രണയം സാധ്യമാവുക.ഒരു ആത്മാവിനും മനുഷ്യനെ ജീവന് തുല്യം സനേഹിക്കാൻ കഴിയും എന്ന ഒരാശയം കൂടി ഈ നോവലിലുണ്ട് . ഈ നോവലിന് ജനമനസ്സിൽ സ്ഥാനം നേടാൻ സാധിച്ചിട്ടുണ്ട് .തീർച്ചയായും അത് അദ്ദേഹത്തിന്റെ ഭാവനാത്മകമായ കഴിവ് കൊണ്ട് കൂടിയാണ് ഈ നോവൽ ഞാൻ വായിച്ചതിൽ വച്ച് ഏറ്റവും മനോഹരമായത് .

ഹഫ്സത്ത്

X A

# ആദ്യ ബഹിരാകാശ സഞ്ചാരി



വായുമണ്ഡലമില്ലാത്തിടത്ത്,ഭൂമി യുടെആകർഷണ ബലം വലയങ്ങൾക്കപ്പുറത്ത്മനുഷ്യന്ക-ണ്ണെത്താത്ത അത്രയും അകലെ ആദ്യം ചെ-ന്നെത്തിയ മനുഷ്യൻ.

വിമാനങ്ങളെയും ബഹിരാകാശ വാഹന-ങ്ങളെയുമൊക്കെ മനുഷ്യൻ മഹാൽഭുതമായി-ക്കണ്ടിരുന്ന ഒരുകാലത്ത് 27-ാമത്തെ യൂറി ഗഗാറിൻ വോസ്റ്റോക്-1 എന്ന ബഹിരാകാശ പേടകത്തിൽ [1961 ഏപ്റിൽ 12 ന്. 108 മിനിട്ട സമയം.പഴയ സോവിയറ്റ് യൂണിയനി-ലെ കോൾക്കോസ് ഗ്രാമാതിർത്തിയിലുള്ള ക്ലൂ-ഷിനോവിലെ സാധാരണ കുടുംബത്തിൽ 1934

**മനയോല**

മാർച്ച് 9 ന്  യൂറിഗഗാറിൽ ജനിച്ചു .മരപ്പണിക്കാരനായ അലക്സി ഇവാനോവിച്ച് ഗഗാറിന്റെ നാലു മക്കളിൽ മൂന്നാമനായി.ഗ്രാമത്തിലെ ഡയറിഫാമിൽ കറവക്കാരിയായിരുന്നു അമ്മ.

സെൽമിന ഷെറിൻ.എ.എം
IX A

# ഒരു സ്ഥിരം കാഴ്ച



ഉച്ചയ്ക്ക് ബെല്ലടിച്ചു
ഊണു കഴിക്കാൻ നേരമായി
വാഷ്ബെയ്സണുകൾ പെട്ടന്ന്-
നദികളേക്കാൾ വേഗത്തിൽ
കളകളമൊഴുകി നീങ്ങി
അപ്പുറത്തെ വേസ്റ്റ് ബാസകറ്റിൽ
അരപ്പാത്രം ചോറ്
വറ്റുകൾ ദയനീയമായി എന്നെ  നോക്കി
ലക്ഷ്യസ്ഥാനത്ത് പരാജിതനായ
ഒരു കൊച്ചു കുട്ടിയെ പോലെ

ശ്രീകല. കെ

X C

# ഉണ്ണിപ്പൂവ്

സായാഹ്ന സൂര്യൻ നിഴൽ വീഴ്ത്തിയ മുറ്റത്ത് ശിവമല്ലിപ്പൂക്കൾ ചിതറികിടക്കുന്നു. തേൻ കുരുവികൾ ചില ചിലച്ച് മഞ്ഞപ്പൂക്കളിൽ നിന്നും തേൻ നുകന്നു പറക്കുന്നു. അപ്പുറത്തെ ഒഴിഞ്ഞ പറമ്പിൽ കുട്ടികൾ കലപിലകൂട്ടി കളിക്കുന്നു. അവർ തന്നെയും കളിക്കാൻ വിളിച്ചതാണ്. പോകാൻ മനസ്സ് വന്നില്ല. അവളില്ലാതെ കലിക്കാൻ ഒരു രസവുമില്ല. ഇനിയെന്നും ഇങ്ങനെയായിരിക്കുമോ? മനസ്സ് ഗതകാല സ്മരണകളിൽ നിന്ന് മോചിതമാകില്ലേ?

"കിട്ടേ ഒരു ചെമ്പകപ്പൂ തരുമോ?" പെട്ടന്ന് ഓമ്മ കുടിലിൽ നിന്ന് ഞെട്ടിയുണർന്ന് ചുറ്റും നോക്കി. ആരുമില്ല,ഓ എന്തൊരിഷ്ടമായരുന്നു

എന്റെ പത്മിനികുട്ടിക്ക് ചെമ്പകപ്പൂക്കളെ.
ദിവസവും രാവിലെ സ്കൂളിലഏക്ക് പോകും വഴി
തന്റെ വീടിനുമുന്നിൽ വന്ന് കാവൽ നിൽക്കും
അവൾ . ചെമ്പകപ്പൂക്കൾ കിട്ടാൻ . താനത്
മരത്തിൽ കയറി പറിച്ച് ഇലക്കുമ്പിളിൽ
നിറച്ച് അവളുടെ കയ്യിൽ കൊടുക്കും . ഓ എ-
ന്തൊരു തിളക്കമായിരിക്കും ആ കണ്ണുകൾക്ക്
ചുണ്ടത്ത് പാൽ പുഞ്ചിരിയും "മതിയോ "?
താൻ ചോദിക്കും. ചിരച്ചുകൊണ്ട് മതിയെന്ന
അർത്ഥത്തിൽ അവൾ തലയാട്ടും.
വൈകുന്നേരം വിട്ടു വരുമ്പോഴേക്കും അമ്മ
സ്വാദുള്ള എള്ളുണ്ടയും കാപ്പിയും
എടുത്തുവച്ചിട്ടുണ്ടാകും . പത്മിനിക്കുട്ടിയും
താനും അത് പങ്കിട്ടു
കഴിക്കും .അവൾ പകരമായി എപ്പോഴും
അരിനെല്ലിക്കയും, ഇരുമ്പാമ്പുളിയുമ

കൊണ്ടുതരും .പെട്ടെന്നാണ് പത്മിനികുടടി സ്കൂളിൽ വരാതായത് . ഒരാഴ്ച കഴിഞ്ഞിട്ടും കാണാതായപ്പോൾ അമ്മയോട് സങ്കടം പറഞ്ഞു . അമ്മ തന്നോടെന്തോ മറച്ചു വെക്കുന്നത് പോലെ തോന്നി .പിന്നെ കരഞ്ഞു നിർബന്ധിച്ച് അമ്മയെയും കൂട്ടി പാടത്തിനരികെയുള്ള അവളുടെ വീട്ടിലേക്ക്. ചെറിയൊരു ഓലമേഞ്ഞ കുടിൽ. പരിതാപകരമായ അവസ്ഥ .ഇങ്ങനെയുള്ള വീട്ടിൽ നിന്നാണൊ എന്റെ പത്മിനി കുട്ടി വന്നിരുന്നത് . അവളുടെ അച്ചനും അമ്മയും കൂലിപ്പണിക്ക് പോകുന്നവെന്ന് അമ്മ പറഞ്ഞറിയാം പക്ഷെ ഇങ്ങനെ ഒരവസ്ത്ഥയാണോ ? മനസ്സ് ആകെ കുഴഞ്ഞു മറിഞ്ഞു .പെട്ടന്ന് പത്മിനി കുട്ടിയുടെ അമ്മ പുറത്തേക്ക് വന്നു . മുഖമാകെ കലങ്ങിമറി

ഞ്ഞിരിക്കുന്നു."ചേച്ചീ  കണ്ണേട്ടൻ
പത്മിനിയുടെ കൂടെ ആശുപത്രിയിലാ"അവർ
കരച്ചിലിനിടെ അമ്മയോടു പറയുന്നത് കേട്ടു.
എന്തു പറ്റിയാവോ അവൾക്ക്. അമ്മയും
അവരും എന്തൊക്കെയോ പതുക്കെ പറയുന്നു
താൻ കേൾക്കരുതെന്ന് കരുതിയാവാം .
തിരിച്ചു പോരാൻ നേരം അമ്മ അവരുടെ
കയ്യിൽ പൈസ വച്ചുകൊടുക്കുന്നതു കണ്ടു.
"ഒന്നും പേടിക്കണ്ട ജാനു. അവളുടെ
അസുകമൊക്കെ മാറും"ഒപ്പം
ആശ്വാസവചനങ്ങൾ പറയുന്നതും കേട്ടു.
പിന്നെ ക്ലാസിലിക്കുമ്പോൾ കുസൃതികൾ
കാണിക്കാനു  അവളില്ലല്ലോ എന്നത്
നൊമ്പരമായി . കുറച്ചു കഴിഞ്ഞ് കൂട്ടമണി

അടിക്കുന്നതും കുട്ടികൾ ഓടുന്നതും കണ്ടു അദ്ധ്യാപകരും തന്റെ ക്ലാസിലെ കുട്ടികളും പത്മിനിയുടെ വീട്ടിലേക്ക് പുറപ്പെട്ടു. താനും കൂടി . അവളുടെ വീടിന്റെ ഉമ്മറകോലായിൽ വെള്ള പുതപ്പിച്ച കിടത്തിയിരിക്കുന്ന രൂപം .പത്മിനികുട്ടി . എല്ലാവരും പൊട്ടി പൊട്ടി കരയുന്നുണ്ട്. "ന്യൂമോണിയ ആയിരുന്നു. ഡോക്ടറെ കാണിക്കാൻ വൈകി .പനിയല്ലേ മാറും എന്നായിരുന്നു അവളുടെ മാതാപിതാക്കൾ

കരുതിയത് ". ദേവി ടീച്ചർ മാഷിനോട് പറയുന്നതു കേട്ടു. താനറിയാതെ തന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇനി ചെമ്പകപ്പൂക്കൾ ചോദിക്കില്ല . ഇനി അവൾ തന്റെ കൂട്ടുകാരി ഒരിക്കലും ഉണ്ടാവില്ല. തന്റെ കൂടെ. "കുട്ടീ നീയെന്താ സ്വപ്നം കാണുന്നൊ?

മനയോല

എന്തിനാ നീ കരയുന്നത്?”അമ്മ അടുത്തു വന്നിരുന്നപ്പോഴാണ് താൻ വേറൊരു ലോകത്തായിരുന്നു എന്ന് ഓർത്തത്. പതുക്കെ അമ്മയുടെ മടിയിൽ തലവച്ച് നിറഞ്ഞ കണ്ണുകൾ തുടച്ചു.

കൃഷ്ണകുമാരി.എം.എ



.

# കുഞ്ഞുമോന്റെ കുസൃതികൾ



കുഞ്ഞുമോന്റെ തളിരിളം ചുണ്ടിൽ
കൊഞ്ചുന്ന ക്ലുമ്പി കുസ്രൃതി വിരിഞ്ഞും
കൊച്ചു പൂവിൻ പടങ്ങൾ വരഞ്ഞും
ഓടിക്കളിച്ചുപിരണ്ടോടി വീണ
പാട്ടുകൾ പാടിയും ഈണം പൊഴിഞ്ഞും
അവനിൽ ആനന്ദം നിറഞ്ഞു തുളുമ്പി.
ഉണ്ണിമോഹങ്ങൾ തുള്ളി  കളിക്കും
മണ്ണിലെ നറും കൗതുകത്തിന്റെ
ഉള്ളിനുള്ളിലെ തേൻ ത്തുള്ളിയായ്
ഞാനുറിനിൽക്കുന്നൊരുഞൊടി നേരം.

അർച്ചന

IX A

# ആധി

ഒരിടവേളക്ക് ശേഷം നമ്മുടെ നായിക അവളുടെ ജോലിയിലേക്കിന്ന് തിരികയെത്തും .

പതിവുയാത്രയാണെങ്കിലും വിരസത തീരെയില്ല, കാരണം ഇടവേള സമ്മാനിച്ചത് നല്ലൊരു സഹയാത്രികനെയായിരുന്നു . തീവണ്ടിയിലും ജീവിതത്തിലും .

യാത്രപുരോഗമിക്കവേ ആളുകൾ തങ്ങളിൽ നിന്നിറങ്ങി മറ്റുള്ളവരോട് മിണ്ടിത്തുടങ്ങി.ക്രമേണ ബോഗി ലോക കാര്യങ്ങൾ  ചർച്ചചെയ്യുന്ന വേദിയായി മാറി. വിഷയങ്ങൾ മാറി മാറി വന്നു. നായികയും ഒട്ടും പുറകിലായിരുന്നില്ല.പതിവു പോലെ തന്റെ പാദുകങ്ങൾ സീറ്റിനടിയിലേക്ക് മാറ്റി വച്ച് അവൾ ചർച്ചയിൽ സജീവമായി.

വാഗ്വാദങ്ങൾ ഇടതടവില്ലാതെ നടക്കുന്നതിനിടയിൽ നായികക്കൊരു സംശയം.

മുന്നിലിരിക്കുന്ന  അപരിചിതന്റെ നോട്ടം
തന്നിലേക്കാണോ? ഈ ചിന്ത മൊട്ടിട്ട നിമിഷം
മുതൽ നായിക വാദങ്ങൾ നിരത്തുന്നതിൽ നിന്നു
വാദമുനകളെ നേരിടുന്നതിൽ നിന്നും ഒന്ന്
പിറകോട്ടാഞ്ഞു. അവൾ തനിക്കുള്ളിൽ തന്നെ ഒരു
വാദപ്രതിവാദത്തിലായിരുന്നു .ഇതിനിടയിൽ
പുറത്ത് എന്ത് നടന്നാലെന്ത് ?

ഇത്രയും കാലത്തെ യാത്രക്കിടയിൽ
എപ്പോഴെങ്കിലും ഇയാളെ കണ്ടതായി
ഓർക്കുന്നില്ല. ഓർക്കുന്നില്ല എന്നല്ല കണ്ടിട്ടില്ല.
തന്റെ ഓർമ്മശക്തി നായികയുടെ ഒരു സ്വകാര്യ
അഹങ്കാരമായിരുന്നു. ചർച്ചയിൽ പങ്കെടുക്കുന്ന
തായി ഭാവിച്ചെങ്കിലും അവളുടെ ശ്രദ്ധ മുഴുവൻ
അപരിചിതനിൽ ആയിരുന്നു യാത്ര
അവസാനിക്കാറാവുംതോറും നോട്ടത്തിന്റെ
ഇടവേളകൾ കുറഞ്ഞു വന്നു . അയാൾക്ക് എന്തോ
അസ്വസ്ഥത ഉള്ളതായി നായികക്ക് തോന്നി
ദുഷ്ടലാക്കോടെയുള്ള നോട്ടത്തേക്കാൾ ഉപരി

## മനയോല

ദൈന്യതയും പരാതിയുമാണ് അവൾക്കയാളിൽ കാണാനായത്. മുൻപു നടന്ന ചർച്ചയിൽ നിന്നും അയാൾക്കിറങ്ങേണ്ട സ്ഥലം എത്താറായെന്ന് അവൾ ഓർത്തു. പക്ഷെ അയാൾക് സീറ്റിൽ നിന്നും എഴുന്നേൽക്കാൻ എന്തോ തടസ്സമുള്ളത്പോലെ...

രണ്ടും കൽപ്പിച്ച് നായിക സീറ്റിൽ നിന്ന് എഴുന്നേറ്റു. ഒരു പ്രതിപ്രവർത്തനം പോലെ അയാളും.നായിക എന്തെങ്കിലും പറയുന്നതിന് മുമ്പേ അയാൾ പറഞ്ഞു. കുട്ടീ...നീ ഇട്ടിരിക്കുന്ന ഒരു ചെരുപ്പ് എന്റേതാണ്. ചർച്ചക്കിടയിൽ തന്റെ ഫോൺ നിർത്താതെ ശബ്ദിച്ചതും, ധൃതിയിൽ സീറ്റിനടിയിൽ നിന്ന് പാദുകം ധരിച്ചതും ഓർത്തു കൊണ്ട് അവൾ തന്റെ പാദുകം തിരഞ്ഞു.

രാധിക



# വരികൾ



എന്റെ ലോകം ചെറുതായിരുന്നു
അത് കുറേശെയായി തുലികയി-
ലേക്ക്
ഹൃദയമെന്ന അരിപ്പകൊണ്ടരിച്ച്
വെള്ള പേപ്പറിലേക്ക് പകർത്തിയ നേരം
എത്താത്ത സ്ഥലങ്ങളിലേക്ക്
കാണാത്ത പലതിലേക്ക്
ഉൾകണ്ണിൻ തിരകളിലേക്ക്
ഒരു പട്ടം എന്ന പോലെ
ഞാൻ എന്നെ മറന്നുകൊണ്ടിരുന്നു.
എന്റെ ജീവനറ്റു പോയിരുന്നു
എന്തെന്നാൽ
വരികളിൽ ഞാൻ ജീവിക്കുവാൻ
തുടങ്ങിയിരുന്നു.

ശ്രീകല .കെ

# യൂറി ഗഗാറിൻ കണ്ട ബഹിരാകാശം



"മേഘങ്ങളില്ലാത്ത തെളിമാനം. പാടത്തു വിതച്ച ഗോതമ്പു മണികൾപോലെ തിളങ്ങുന്ന നക്ഷത്രങ്ങൾ.ഭൂമിയിൽ നിന്ന് കാണുന്നതിനേക്കാൾ

നൂറിരട്ടി തീവ്രതയിൽ പ്രകാശിക്കുന്ന സൂര്യൻ. ഭൂമിയെ ചുറ്റി കടും നീല വലയം പെട്ടെന്ന് കൂരിരുട്ടിലേക്ക്. വീണ്ടും വെളിച്ചത്തിന്റെ തീവ്രതയിലേക്ക്".ക്യാമറയില്ലാത്തതിനാൽ മനക്കണ്ണിൽ പകർത്തിയ തന്റെ ആദ്യ ബഹിരാകാശ കാഴ്ച യൂറി ഗഗാറിൻ വിവരിച്ചതിങ്ങനെയാണ്

സെൽമിന ഷെറിൻ

# നന്ദി

ഇത് ഞങ്ങളുടെ ആദ്യ സംരംഭമാണ്. സമയക്കുറവ് തന്നെയായിരുന്നു പ്രധാന വെല്ലുവിളി. അതിനാൽ കുറവുകൾ സ്വാഭാവികം. നിർമാണത്തിൽ ഒരുപാട് സഹായങ്ങൾ കിട്ടിയിട്ടുണ്ട്-അദ്ധ്യാപകരിൽ നിന്നും കുട്ടികളിൽ നിന്നും. ആവർത്തനത്തിന്റെ ആധിക്ക്യം വാക്കുകളുടെ അർത്ഥത്തെ ഇല്ലായിമ ചെയ്യും. 'നന്ദി' അക്കൂട്ടത്തിൽ പെട്ട വാക്കാണ്. എങ്കിലും ഹൃദയപൂർവ്വം ഒരായിരം നന്ദി.

എന്ന്,

ഹാഷിം എ.എച്ച്

# ഞങ്ങൾ പട്ടം പറത്തുന്നവർ

ഹാസിം.എ.എച്ച്

അൻഷാദ്.എ

ജുബീന.കെ

ഫാത്തിമ ഷിറിൽ.പി

മഹറ ഷെറിൻ.സി.പി

അർച്ചന.എം

മനീഷ് .കെ

സെൽമിന ഷെറിൻ.എ.എം

രശ്മി.കെ

നിഷാന പർവിൻ.എ

ഷിജിന.വി

ശ്രീ രഞ്ജിനി.എസ്

ഇസ്മത്ത് .വി

ഫാത്തിമ ഫിദ.കെ

ഫാത്തിമത്തുൽ ഹസീറ.പി

അർഷിഫ.സി

ഹിബാസ്.ടി